**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 4** | **02.03.2020-ൽ മറുപടിക്ക്**

## ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.സി.കൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രതിഫലം കൈപ്പറ്റി മറ്റുള്ളവർക്കായി ഗുണ്ടാപ്പണിയിലേർപ്പെടുന്നവരെയും മാഫിയ മാതൃകയിൽ ഗുണ്ടാ പ്രവർത്തനം നടത്തുന്നവരെയും അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വർക്കെതിരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥിരം കുറ്റവാളികളെ കെ.ഡി, റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തിയും CrPC യിലെ 151, 107 എന്നീ വകുപ്പുകൾ പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ എതിരാളികളെ കുരുക്കാൻ ഗുണ്ടാനിയമവും യു.എ.പി.എ.യും വ്യാപകമായി ദുരുപയോഗം ചെയ്തിരുന്നതായി ആക്ഷേപമുള്ള പശ്ചാത്തലത്തിൽ ഈ നിയമങ്ങളുടെ ദുരുപയോഗം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) വിശദമായ പ്രാഥമിക അന്വേഷണം നടത്തി മാത്രമേ കേസുകളിൽ ഗുണ്ടാനിയമവും UAPA യും പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) അഴിമതിക്കെതിരെ സ്വരമുയർത്തിയതിന്റെ പേരിൽ നെയ്യാറ്റിൻകരയിൽ കോൺഗ്രസ്സ് പ്രവർത്തകനെ തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചതായി ആരോപണം നേരിടുന്ന ഡി.സി.സി. സെക്രട്ടറിയുൾപ്പെടെയുള്ളവർക്കെതിരെ കർശന നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ; | (സി) പ്രസ്തുത സംഭവത്തിന്മേൽ മാരായമുട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ.115/2020 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ഡി) ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) ക്രമസമാധാന പരിപാലന രംഗത്ത് രാജ്യത്തിന് മാതൃകയാകും വിധം പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് |

കുറ്റാന്വേഷണവും ക്രമസമാധാനവും വേർ തിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തിയും, സ്ത്രീ സുരക്ഷ മുൻ നിർത്തി പിങ്ക് പട്രോൾ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചതു വഴി പൊതു ജനങ്ങൾക്ക് ഇന്റർനെറ്റ് വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

സൈബർഡോം, സൈബർ സെൽ എന്നിവ സ്ഥാപിച്ചതുമൂലം സൈബർ കുറ്റകൃത്യങ്ങൾ പെട്ടന്ന് അന്വേഷിക്കുന്നതിനു സാധിക്കുന്നതാണ്. കേസന്വേഷണം ശാസ്ത്രീയവും മികവുറ്റതുമാക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന ക്ലാസുകൾ നടത്തി വരുന്നു.

സാമുദായിക സംഘർഷ സാധ്യതയുള്ള സ്ഥലങ്ങളിൽ സൗഹാർദ്ദം നിലനിർത്തു ന്നതിനായി രാഷ്ട്രീയ സംഘടനകളുടെയും, സാമുദായിക സംഘടനകളുടെയും, പൊതു ജനങ്ങളുടെയും സഹകരണത്തോടെ യോഗം വിളിച്ചു കൂട്ടിയിട്ടുള്ളതും. യോഗത്തിൽ സാമുദായിക സംഘർഷം സൃഷ്ടി ക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ